**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റി എ.ഡി.ബി.യിൽ നിന്നും എടുത്ത വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി.യിൽ നിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വായ്പയുടെ വ്യവസ്ഥകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി.യിൽ നിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി ഇരുപത്തിനാലു മണിക്കൂറും ഗുണനിലവാരമുള്ള ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP). ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020-ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. ആദ്യ ഘട്ടത്തിൽ 170 മില്യൺ ഡോളറാണ് ടി പദ്ധതിയ്ക്കായി എ ഡി ബി വായ്പയായി നൽകുന്നത്. ആയതിന് എ.ഡി.ബി ബോർഡ് ഓഫ് ഡയറക്ടേർസ് 23.11.2023-ൽ, അനുമതി നൽകി.<br>വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30% പ്രവർത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB യുമായിട്ട് വായ്പ കരാറിൽ ഏർപ്പെടാൻകഴിയുകയുള്ളു.<br><br>കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (0&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ലഭ്യമായ ദർഘാസുകളുടെ സാങ്കേതികവും സാമ്പത്തികവുമായ മൂല്യനിർണയം നടത്തുകയും ചെയ്തു. ആയത് നിലവിൽ സർക്കാർ പരിഗണനയിലാണ്.<br><br>ADB മാനദണ്ഡങ്ങൾ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടൻസിയെ നിയമിക്കേണ്ടതുണ്ട്. ഈ കൺസൾട്ടൻസിയെ നിയമിക്കുന്നതിനു വേണ്ടിയുള്ള താത്പര്യപത്രം (EOI) ക്ഷണിച്ച്, സാങ്കേതികവും സാമ്പത്തികവുമായ നിർദേശങ്ങൾ ക്ഷണിക്കുന്നതിനായി സ്ഥാപനങ്ങളെ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. ഷോർട്ട്ലിസ്റ്റ് ചെയ്ത കമ്പനികളിൽ നിന്നും, 22.11.2022 ലെ G.O. (Ms) No.61 /2022 /WRD നമ്പർ ഉത്തരവ് പ്രകാരം, സർക്കാർ അംഗീകരിച്ച റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിക്കുകയും, ലഭ്യമായ നിർദ്ദേശങ്ങൾ സംയുക്ത മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. സംയുക്ത മൂല്യനിർണ്ണയത്തിന്റെ ഫലത്തിനു ADB യുടെ നോ ഒബ്ജക്ഷൻ ലഭിക്കുകയും ചെയ്തു. കൺസൾട്ടൻസി കരാർ നിലവിൽ സർക്കാർ പരിഗണനയിലാണ്. |
| (ബി) | കേരള ജല അതോറിറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൊച്ചിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; | (ബി) | തലസ്ഥാന നഗരമായ തിരുവനന്തപുരത്തെയും, കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ കൊച്ചിയെയും കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ Smart City Mission-ൽ ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി രേഖയുടെ പ്രധാന ഘടകമായി തിരഞ്ഞെടുത്തത് 24x7 കുടിവെള്ള വിതരണം പ്രാവർത്തികമാക്കുക വഴി Intelligent Water Management സംവിധാനം നടപ്പാക്കുകയാണ്. അതിനാലാണ് തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.<br><br>വിതരണ ശൃംഖലകളുടെ കാലപ്പഴക്കവും, ജലവിതരണശൃംഖലയിലെ നഷ്ടവും, ഉയർന്ന ജല ദൗർലഭ്യവും, വർദ്ധിച്ച പ്രതിശീർഷ ജലഉപഭോഗവും, കൊച്ചി കോർപ്പറേഷനിലെയും സമീപ പ്രദേശങ്ങളിലേയും ഉയർന്ന ജല ആവശ്യകതയും ഈ പദ്ധതി കൊച്ചിയിൽ നടപ്പിലാക്കുവാൻ കാരണമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പത്ത് വർഷത്തേക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി ജല | (സി) | എഡിബി യുടെ ധന സഹായത്തോടെയുള്ള പ്രസ്തുത പദ്ധതി സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി |

| | | | |
|---|---|---|---|
| | അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്തിലേക്ക് നയിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | ജല അതോറിറ്റിയുടെ സ്വകാര്യ വൽക്കരണത്തത്തിലേക്ക് നയിക്കുമെന്ന ആക്ഷേപം കേരള ജല അതോറിറ്റിയുടെ മീറ്റിംഗുകളിൽ വിവിധ സംഘടനകൾ ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചി വിതരണ ശൃംഖലയുടെ പരിപാലനവും നവീകരണവും ചെയ്യുന്ന പ്രവർത്തി, വായ്പയുടെ വ്യവസ്ഥയ്ക്ക് വിധേയമായി കരാർ കാലാവധിയായ 10 വർഷത്തേക്ക് കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഈ ദർഘാസ് ഏറ്റെടുക്കുന്ന കോൺട്രാക്ടറുടെ ചുമതലയിൽ നടത്തുന്നതാണ്.<br><br>പത്തു വർഷത്തെ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കൊച്ചി കോർപ്പറേഷനിലെ നവീകരിച്ചതും മെച്ചപ്പെട്ടതുമായ വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ബാധ്യതരഹിതമായി കേരള ജല അതോറിറ്റിക്ക് വിട്ടു നൽകാനും, ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തന ക്ഷമതാ സൂചികകൾ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അളവിൽ നിലനിർത്തി കൊണ്ട് ജലവിതരണ സംവിധാനത്തിന്റെ പരിപാലനം നടത്താൻ ജല അതോറിറ്റിക്ക് കഴിയും വിധമാണ് ജലവിതരണ സംവിധാനത്തെ കരാറുകാരൻ തിരികെ നൽകേണ്ടതെന്ന വ്യവസ്ഥയും ഈ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ